## 1126

*'We have heard the joyful sound'*

1 കേൾക്ക കേൾ ഒർ കാഹളം മോചനം സ്വാതന്ത്ര്യം
ദൈവത്തിൻ വിളംബരം മോചനം സ്വാതന്ത്ര്യം
നാശമാകും ഏവർക്കും ഭാഗ്യയോവേൽ വത്സരം
ഘോഷിപ്പിൻ എല്ലാടവും മോചനം സ്വാതന്ത്ര്യം-

2 ചൊല്ലുവിൻ കാരാഗൃഹേ മോചനം സ്വാതന്ത്ര്യം
കേൾക്കുവിൻ ഹേ! ബദ്ധരേ! മോചനം സ്വാതന്ത്ര്യം
ക്രൂശിൻ മേലേ കാണുവിൻ നിത്യമാം ഉദ്ധാരണം
യേശുവോടു വാങ്ങുവിൻ മോചനം സ്വാതന്ത്ര്യം

3 ദുഷ്ടന്മാരെ രക്ഷിപ്പാൻ മോചനം സ്വാതന്ത്ര്യം
ശിഷ്ടരാക്കിത്തീർക്കുവാൻ മോചനം സ്വാതന്ത്ര്യം
ദൈവസ്നേഹം കാണുവിൻ വാഴ്ത്തുവിൻ തൻ കാരുണ്യം
ജീവൻ ദാനം പ്രാപിപ്പാൻ മോചനം സ്വാതന്ത്ര്യം-

4 പാപഭാരം മാറ്റുവാൻ മോചനം സ്വാതന്ത്ര്യം
മായസേവ തീരുവാൻ മോചനം സ്വാതന്ത്ര്യം
ഹാ! സൗഭാഗ്യവാർത്തയെ എങ്ങനെ നിഷേധിക്കാം?
ഇത്ര വല്യോർ രക്ഷയെ മോചനം സ്വാതന്ത്ര്യം

5 സ്വർഗ്ഗം സാക്ഷി പുത്രനിൽ മോചനം സ്വാതന്ത്ര്യം
തർക്കം വേണ്ടാ ഭൂമിയിൽ മോചനം സ്വാതന്ത്ര്യം
വിശുദ്ധാത്മ മുദ്രയാൽ ഉണ്ട് പൂർണ്ണനിശ്ചയം
പ്രാപിക്കാം വിശ്വാസത്താൽ മോചനം സ്വാതന്ത്ര്യം-

6 പർവ്വതങ്ങൾ കേൾക്കട്ടെ മോചനം സ്വാതന്ത്ര്യം-
ആഴങ്ങൾ മുഴങ്ങട്ടെ മോചനം സ്വാതന്ത്ര്യം
ദ്വീപും കേട്ടു ചൊല്ലട്ടെ യേശുനാഥ വന്ദനം
സൃഷ്ടിയെല്ലാം പാടട്ടെ മോചനം സ്വാതന്ത്ര്യം- **V.N.**